ഉത്തരം

(എ) 24 ആനകളെ പിടിച്ചിട്ടുണ്ട്.

(ബി) ഈ വർഷം 20 ആനകളെ ലേലം ചെയ്തുകൊടുത്ത വകയിൽ മൊത്തം 3,52,900 രൂപ സർക്കാരിലേക്ക് കിട്ടിയിട്ടുണ്ട്.

കമ്മിഷൻ ചെയ്യാത്ത വൻകിട ജലസേചന പദ്ധതികൾ

228 [280] ശ്രീ. ജോൺ മാഞ്ഞൂരാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര വൻകിട ജലസേചന പദ്ധതികൾ കമ്മിഷൻ ചെയ്യാതെ കിടപ്പുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) കേരളത്തിന്റെ കാർഷികപുരോഗതിക്ക് ഈ ജലസേചന പദ്ധതികളുടെ ക്ഷിപ്രമായ പൂർത്തീകരണം അത്യാവശ്യമായ ഒരു സംഗതിയാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ ;

(സി) എത്രയുംവേഗം ഈ ജലസേചനപദ്ധതികൾ കമ്മീഷൻ ചെയ്യാൻ ഒരു പരിപാടി ഗവൺമെന്റ് ആസൂത്രണംചെയ്തു നടപ്പിലാക്കുമോ?

ഉത്തരം

(എ) താഴെ പേരു പറയുന്ന പതിനൊന്നു വൻകിട—ഇടത്തരം പദ്ധതികൾ പൂർത്തിയാകാതെ കിടപ്പുണ്ട്.

1. പഴശ്ശി
2. കുറ്റ്യാടി
3. കാഞ്ഞിരപ്പുഴ
4. ചിറ്റൂർപുഴ
5. പെരിയാർവാലി
6. പമ്പ
7. കല്ലട
8. മൂവാറ്റുപുഴ
9. അട്ടപ്പാടി (ഇടത്തരം)
10. കാരാപ്പുഴ
11. ചിമേനി

ഇവയിൽ കുറ്റ്യാടി, ചിറ്റൂർപുഴ, പമ്പ, പെരിയാർവാലി എന്നിവ ഭാഗികമായി കമ്മിഷൻ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പദ്ധതികളെല്ലാം കഴിയുന്നിടത്തോളം വേഗം പൂർത്തിയാക്കണമെന്ന ഉദ്ദേശത്തോടെയാണ് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ കൊല്ലവും വകകൊള്ളിക്കാൻ കഴിയുന്ന തുക വളരെ പരിമിതമായതുകൊണ്ടാണ് പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നത്.

ജലസേചന വകുപ്പിൽനിന്നും മൊത്തം ചെലവഴിച്ച തുക

229 [281] ശ്രീ. ദാമോദരൻ കാളാശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ സംസ്ഥാന ജലസേചന വകുപ്പിൽനിന്നും മൊത്തം ചെലവഴിച്ച തുകയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിന്റെ ജില്ല തിരിച്ചുള്ള കണക്കും എത്തെല്ലാം പദ്ധതികൾക്കാണ് ചെലവാക്കിയതെന്നും വ്യക്തമാക്കാമോ ;

(സി) നടപ്പിലാക്കാൻ തീരുമാനിക്കപ്പെട്ട ജലസേചന പദ്ധതികളിൽ പൂർത്തിയാക്കിക്കഴിഞ്ഞതെത്ര ; പൂർത്തിയാക്കാനുള്ളവ എത്ര ?

ഉത്തരം

(എ, ബി) വൻകിട-ഇടത്തരം പദ്ധതികൾക്കായി 1510·25 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തികവർഷം ചെലവാക്കിയിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ചുള്ള കണക്കെടുത്തിട്ടില്ല. എത്തെല്ലാം പദ്ധതികൾക്കാണ് ചെലവായതെന്നുള്ള വിവരം താഴെച്ചേർക്കുന്നു.

കല്ലട പദ്ധതി	226.30	ലക്ഷം
പമ്പ ,,	370.60	,,
പെരിയാർവാലി	184.79	,,
ചിറ്റൂർപുഴ	79.53	,,
കാഞ്ഞിരപ്പുഴ	102.02	,,
കുറ്റ്യാടി	349.98	,,
പഴശ്ശി	103.44	,,
ചിമോനി	3.53	,,
മൂവാറ്റുപുഴ	14.77	,,
കാരാപ്പുഴ	4.16	,,
അട്ടപ്പാടി	8.64	,,
പൂർത്തിയായ പദ്ധതികൾ	25.47	,,
റിസർച്ച് ആൻറ് ഇൻവെസ്റ്റിഗേഷൻ	37.02	,,
	1510.25	,,

ചെറുകിട ജലസേചന പദ്ധതികൾക്ക് ചെലവായ തുകയുടെ വിശദ വിവരം ശേഖരിച്ചുവരുന്നു.

(സി) വൻകിട ഇടത്തരം വിഭാഗത്തിൽ പൂർത്തിയായിക്കഴിഞ്ഞ പത്തും പൂർത്തിയാകാനുള്ള പതിനൊന്നും പദ്ധതികളാണുള്ളത്.

വടകര—മാഹി കനാലിന്റെ പണി

230 [282] [ശ്രീ. എം. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര—മാഹി കനാലിന്റെ പണി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തികവർഷത്തിൽ ഇതിനുവേണ്ടി 31-10-1976 വരെ ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കനാലിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് പറയാറായിട്ടില്ല.

(ബി) ഈ സാമ്പത്തികവർഷത്തിൽ യാതൊന്നും ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly